# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ന്യൂ മാഹി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി7/915/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ന്യൂ മാഹി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി7/915/22 തീയ്യതി: 26/07/2022

## കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2022 മുതൽ 12-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ - (ഓഡിറ്റ് ഓഫീസർ- ഹ ഗ്രേ)
ശ്രീ.ഷഹീൻ.പി - (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി.സുമതി.ടി.ഒ -(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ശ്രീജ.കെ -(സീനിയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ചന്ദ്രദാസൻ.കെ.വി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.സെയ്തു.എം.കെ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പത്മനാഭൻ.കെ.വി | സെക്രട്ടറി | 01-04-2020 | 25-06-2020 |
| ശ്രീമതി.ഷീജ മണി.കെ | സെക്രട്ടറി | 26-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഹൃദ്യ. വി .രാജേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 08-05-2020 |
| ശ്രീ.ഷിഹാബ് ബാബു | കൃഷി ഓഫീസർ | 09-05-2020 | 03-11-2020 |
| ശ്രീമതി.അഷിത.എം.ആർ | കൃഷി ഓഫീസർ | 04-11-2020 | 03-02-2021 |
| ശ്രീമതി.നീതു പ്രഭാകർ | കൃഷി ഓഫീസർ | 04-02-2021 | 20-02-2021 |
| ശ്രീ.ഷിഹാബ് ബാബു | കൃഷി ഓഫീസർ | 21-02-2021 | 31-03-2021 |
| ഡോ.സുജയ് മോഹൻദാസ് | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.സജിത്ത് പ്രസാദ്.ടി.വി | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.സന്തോഷ് കുമാർ.ടി.വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി.ജീന കോറോത്ത് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രിയ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശാലിനി ദേവി.വി | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.നിഷ.പി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.അശ്വതി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ഡോ.പ്രവീണ | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീ.അനീഷ് കുമാർ.എ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 14-07-2020 |
| ശ്രീ.റിജുൽ രാജ്. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 15-07-2020 | 31-03-2021 |
| ശ്രീമതി.ജലജ.സി.പി | വി ഇ ഒ (കുറിച്ചിയിൽ സർക്കിൾ) | 01-04-2020 | 14-09-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ലത.എം.വി | വി ഇ ഒ (കുറിച്ചിയിൽ സർക്കിൾ) | 15-09-2020 | 09-11-2020 |
| ശ്രീമതി.സുമിത.വി | വി ഇ ഒ (കുറിച്ചിയിൽ സർക്കിൾ) | 10-11-2020 | 31-03-2021 |
| ശ്രീമതി.രസിത.കെ.എം | വി ഇ ഒ (ന്യൂമാഹി സർക്കിൾ) | 01-04-2020 | 31-03-2021 |
| ഡോ.സീമ.പി.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020വരെ (സെക്രട്ടറി ശ്രീമതി ഷീജമണി കെ., കൃഷി ഓഫീസർ ശ്രീമതി അഷിത എം.ആർ, അസി.എഞ്ചിനീയർ, ശ്രീമതി പ്രിയ വി. എന്നിവർ ഉൾപ്പെടുന്ന) ഭരണ നിർവ്വഹണ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ ഭരണസമിതി 21.12.2020-ന് നിലവിൽ വന്നു

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 18-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 17-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 20-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 17-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 17-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Lathavani (Audit Officer, On 19-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-7 |
| 9 | പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 19-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-7-1 |
| 10 | പെൻഷൻ തിരികെ ഈടാക്കിയത് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല<br>Written By: Lathavani (Audit Officer, On 19-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-7-2 |
| 11 | ക്യാഷ് പരിശോധന<br>Written By: Sreeja.K (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-9 |
| 13 | ഗ്രാമസഭ<br>Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-10 |
| 14 | വസ്തുനികുതി-ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.<br>Written By: Sreeja.K (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-11 |
| 15 | വസ്തുനികുതി- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയില്ല.<br>Written By: Sreeja.K (Auditor, On 20-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-12 |
| 16 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല. | 1-13 |

| | | |
|---|---|---|
| | Written By: Sreeja.K (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | |
| 17 | തൊഴിൽ നികുതി - മുഴുവൻ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല<br>Written By: Sreeja.K (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-14 |
| 18 | തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിപ്പ്- അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-15 |
| 19 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-16 |
| 20 | പഞ്ചായത്ത് പ്രസിഡണ്ടിന് ലാപ് ടോപ് വാങ്ങൽ - അപാകത<br>Written By: Sumathi.T.O (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-17 |
| 21 | ചവേക്കുന്ന് അങ്കണവാടിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-18 |
| 22 | ന്യൂമാഹി പി.എച്ച്.സി കെട്ടിടം ഇലക്ട്രിഫിക്കേഷൻ-കരാറുകാരന് അധികം നൽകിയ 9054 രൂപ ഈടാക്കേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-19 |
| 23 | കരനെൽകൃഷി വികസനം -കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 22-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-20 |
| 24 | വനിതാ ഗ്രൂപ്പ് പച്ചക്കറി വികസന പദ്ധതി -കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 22-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-21 |
| 25 | കരാർ ചമക്കുന്നതിലെ കാലതാമസം പിഴ ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-22 |
| 26 | സഹീറിന്റവിടെ വീട് മുതൽ പനോളി വില്ലവരെ ഫുട്പാത്ത് കോൺക്രീറ്റിംഗ് ടെണ്ടർ കുറവ് കണക്കാക്കിയതിലെ അപാകങ്ങൾ 968 രൂപ അധികചെലവ്<br>Written By: Shaheen.P (Asst. Audit Officer, On 20-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-23 |
| 27 | മരാമത്ത് പ്രവൃത്തി രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 20-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-24 |
| 28 | എസ് സി/എസ് ടി കുടുംബങ്ങൾക്ക് സോളാർ റാന്തൽ - മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Sumathi.T.O (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-25 |
| 29 | ന്യൂട്രിമിക്സ് സാമ്പിൾ - ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 20-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-26 |
| 30 | വിദ്യാലയങ്ങളിലേക്ക് പുസ്തകങ്ങൾ -പ്രോക്യൂർമെന്റ് കമ്മിറ്റി മിനുട്സ് ഹാജരാക്കിയിട്ടില്ല<br>Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-27 |

| | | |
|---|---|---|
| 31 | തുല്യത പദ്ധതി ഫീസ് അടവാക്കൽ -കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-28 |
| 32 | എസ് എസ് എ /എസ് എസ് കെ വിഹിതം കൈമാറൽവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-29 |
| 33 | ആരോഗ്യ ഉപകേന്ദ്രത്തിന് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ -അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-30 |
| 34 | ദുരിതാശ്വാസ നിധി സബ്കമ്മിറ്റി രൂപീകരിച്ചിട്ടില്ല<br>Written By: Lathavani (Audit Officer, On 22-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 1-31 |
| 35 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ<br>Written By: Lathavani (Audit Officer, On 22-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ന്യൂമാഹി പി.എച്ച്.സി കെട്ടിടം ഇലക്ട്രിഫിക്കേഷൻ-കരാറുകാരന് അധികം നൽകിയ 9054 രൂപ ഈടാക്കേണ്ടതാണ്<br>Written By: Lathavani (Audit Officer, On 22-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 3-1 |
| 2 | സഹീറിന്റവിടെ വീട് മുതൽ പനോളി വില്ലവരെ ഫുട്പാത്ത് കോൺക്രീറ്റിംഗ് ടെണ്ടർ കുറവ് കണക്കാക്കിയതിലെ അപാകങ്ങൾ 968 രൂപ അധികചെലവ്<br>Written By: Lathavani (Audit Officer, On 22-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 20-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ<br>Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: Lathavani (Audit Officer, On 20-06-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Shaheen.P (Asst. Audit Officer, On 20-06-2022)<br>Last Updated By: Lathavani (Audit Officer, On 30-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 22-06-2022)<br>Last Updated By: Lathavani (Audit Officer, On 22-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-07-2022) | |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: Lathavani (Audit Officer, On 20-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 22-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 20-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.3.20 ലെ 76/20 നമ്പർ തീരുമാന പ്രകാരം ബജറ്റും ,24.2.21 ലെ 64/(2) /2021 നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചു

| ബജറ്റ് | | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1,76,03,575 | 2,18,90,691 |
| വരവ് | 7,62,05,032 | 7,27,91,128 |
| ആകെ | 9,38,08,607 | 9,46,81,819 |
| ചെലവ് | 8,52,91,129 | 7,78,11,362 |
| നീക്കിയിരിപ്പ് | 85,17,478 | 1,68,70,457 |

ധനകാര്യസ്റ്റാൻഡിംഗ്കമ്മിറ്റി 20.2.2021ന് അംഗീകരിച്ച റിവൈസ്ഡ് ബജറ്റും (തീരുമാന നം 11/21 ,ഭരണസമിതി അംഗീകരിച്ച റിവൈസ്ഡ് ബജറ്റും തമ്മിൽ വളരെയേറെ വ്യത്യാസമുണ്ട്.

| | ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് | സകർമ |
|---|---|---|
| മുന്നിരിപ്പ് | 1,81,26,336 | 2,18,90,691 |
| വരവ് | 7,10,71,128 | 7,27,91,128 |
| ആകെ | 8,91,97,464 | 9,46,81,819 |
| ചെലവ് | 74,82,482 | 7,78,11,362 |
| നീക്കിയിരിപ്പ് | 1,43,72,612 | 1,68,70,45 |

പെർഫോർമൻസ് ബജറ്റും, ജെൻഡർ ബജറ്റും തയ്യാറാക്കിയിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 10.08.2021ലെ 5/146/2021നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 19.11 .2021 | തിരിച്ചയച്ചിട്ടില്ല |

ഐ എൽ ജി എം എസിലേക്ക് മാറ്റുന്നതിനാൽ വാർഷീക ധനകാര്യ പത്രിക( 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 15(1)-ൽ നിർദ്ദേശിച്ച സമയപരിധിക്കകം സമർപ്പിക്കാൻ സാധിച്ചിട്ടില്ല). വാർഷിക ധനകാര്യ പത്രിക ചട്ടം അനുശാസിക്കുന്ന സമയപരിധിക്കകം സമർപ്പിക്കേണ്ടതാണ്.

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1- എം പി ഫണ്ട് പലിശ വരവ് 72 രൂപയാണ്. വാർഷികകണക്കിൽ (RP-30) 34 രൂപയാണ് കാണിച്ചത്. 38 രൂപ തെറ്റായി RP- 7 ശീർഷകത്തിലാണ് കാണിച്ചത്.

2- സംയുക്ത പ്രോജക്ടുകൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയിലെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ബി- 4 ഷെഡ്യൂളിൽ കാണിക്കുന്നതിന് പകരം ബി- 3 റിസർവ്സ് ശീർഷകത്തിലാണ് കാണിച്ചത്.

3- മഹാത്മഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മുഴുവൻ ചെലവുകളും അഡ്മിനിസ്ട്രേഷൻ ചെലവുകളുടെ

ശീർഷകത്തിലാണ് കാണിച്ചത്. (I-14(F) ഷെഡ്യൂൾ)

4-ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള മിച്ചം വന്ന തുക പഞ്ചായത്ത് ഫണ്ടിൽ (B-1 ) ക്രമീകരിച്ചതിൽ വ്യത്യാസം കാണുന്നു. 31-03-2020 ലെ B-1 ഷെഡ്യൂൾ പ്രകാരം Excess Of Income Over Expenditure 1,47,28,244 രൂപയാണ്. ഇതിന്റെ കൂടെ തൻവർഷ Gross Surplus ₹29,97,399കൂട്ടിയാൽ ലഭിക്കുന്നതുക 17725643 രൂപയാണ്. എന്നാൽ 31-03-2021 ലെ B-1 ഷെഡ്യൂൾ പ്രകാരം Excess Of Income Over Expenditure 1,69,66,125 രൂപയാണ്. 759518 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

5- ചാവോക്കുന്ന് അങ്കണവാടി കുടിവെള്ള പൈപ്പ് ലൈൻ ഇടുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 61,000 രൂപ ഡെപ്പോസിറ്റ് വർക്ക് ശീർഷകത്തിൽ കാണിച്ചിട്ടില്ല.

6- മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അഡ്മിനിസ്ട്രേഷൻ ചെലവിനത്തിൽ തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകി തിരികെ ലഭിക്കുന്നതിനുള്ള തുക MGNREGS കാഷ് ബുക്ക് പ്രകാരം 164288 രൂപയാണ് എന്നാൽ വാർഷിക കണക്ക് ബി- 18 ഷെഡ്യൂളിൽ 24040 രൂപയാണ് കാണിച്ചത്.

7- ബി -18 ഷെഡ്യൂളിൽ കാണിച്ച Temporary Advances For Official Purpose ₹209270, രൂപ ഏത് ഇനത്തിൽ മുൻകൂർ നൽകിയതാണെന്ന് വ്യക്തമല്ല.

8-ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
9. വാർഷിക കണക്കിൽ 2011-ലെ കേരള പഞ്ചായത്ത് ആക്ട് അക്കൗണ്ട്സ് ചട്ടങ്ങളിൽ (ചട്ടം 62) നിർദ്ദേശിച്ചിരിക്കുന്ന അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
10. വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

11- വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വച്ചിട്ടില്ല.

12 - 04 -10-2020 ലെ സാംഖ്യയിലെ നീക്കിയിരിപ്പിൽ നിന്നും 05-10-2020 ലെ ILGMS ലെ മുന്നിരിപ്പിലേക്ക് വരുമ്പോൾ മൊത്തത്തിലുള്ള ആസ്തി ബാധ്യതകളിൽ മാറ്റമില്ലെങ്കിലും താഴെ പറയുന്ന ശീർഷകങ്ങളിൽ വ്യത്യാസം കാണുന്നുണ്ട്.

| ക്രമ നമ്പർ | ഷെഡ്യൂൾ (സാംഖ്യ | കോഡ് (സാംഖ്യ) | ഇനം | സാംഖ്യ പ്രകാരമുള്ള തുക | ILGMS പ്രകാരമുള്ള തുക | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | B-4 | 320100121 | Centrally Sponsored Scheme Intragated Chiled Devolopment Scheme (ICDS) | 331770 | 251876 | വ്യത്യാസമുള്ള 79,894 രൂപ ILGMS 320100125 ശീർഷകത്തിൽ കാണിച്ചു. |

2- 13-09-2020 ലെ സാംഖ്യ ബാലൻസ്ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള Lanes - Cement Concrete (B-11 Code 410300201 ) ₹1055193, Lanes Gravel (B-11 Code 410300203 ) ₹215023, Lanes Earthen (B-11 Code 410300204 ) ₹189560 എന്നിവ ILGMS ൽ (B-11(e) 4151100201) ₹ 1459776 Footpath – Foot Paths എന്ന ശീർഷകത്തിലാണ് കാണിച്ചത്.

3- 13-09-2020 ലെ സാംഖ്യ ബാലൻസ്ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള Drinking Water – Sources (Open Well, Bore Wells, Tube Wells, Tanks Etc. (B-11 Code 410400101 ) ₹385165 ILGMS ൽ (B-11(d) 41410004 ₹ 370165 Public Drinking Water Programme – Other Water Sources, (B-11(d) 414120003 ₹15,000 Public Drinking Water Programme – New Borewell എന്നീ ശീർഷകങ്ങളിലാണ് കാണിച്ചത്.

4- 13-09-2020 ലെ സാംഖ്യ ബാലൻസ്ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള Movable Assets – Office Equipment & Other Equipments (B-11 Code 410710103 ) ₹745391 ILGMS ൽ (B-11(d) 414110201 ₹ 25,000 Medical Institution – Homoeo – Health – Buildings, (B-11(e) 415201102 ₹720391 Other Building Equipment എന്നീ ശീർഷകങ്ങളിലാണ് കാണിച്ചത്.

5- 13-09-2020 ലെ സാംഖ്യ ബാലൻസ്ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള Movable Assets – Furniture Fixxtures, Fittings & Electrical Appliance (B-11 Code 410710104 ) ₹2903148 ILGMS ൽ (B-11(e) 415120109 ₹2453148 Other Buildings – Furniture, (B-11(e) 415120008 ₹4,50,000 Local Self Government Institution Officer Building - Furniture, എന്നീ ശീർഷകങ്ങളിലാണ് കാണിച്ചത്.

6- 13-09-2020 ലെ സാംഖ്യ ബാലൻസ്ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള Other Constructions (B-11 Code 410300399 ) ₹7760721, Movable Asset Others (B-11 Code 410710199 ) ₹78498, Other Fixed Asset (B-11 Code 410800101 ) ₹162291

എന്നിവ ILGMS ൽ (B-11(a) 410800101) ₹7707895 Primary Education – Side Wall For Government School (B-11(a) 410800101 ₹293606 Other Fixed Assets എന്നീ ശീർഷകങ്ങളിലാണ് കാണിച്ചത്.

13- ILGMS ൽ പുതുതായി ഉൾപ്പെടുത്തിയതും, ഒഴിവാക്കിയതുമായ ശീർഷകങ്ങൾ പരിഗണിക്കാതെ സാംഖ്യയിൽ Accumulated Depreciation എന്ന ഷെഡ്യൂളിൽ 13-09-2020 ലെ നീക്കിയിരിപ്പ് തുക മാറ്റം വരുത്താതെ ILGMS ൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്.

14-തൊഴിൽ നികുതി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 28/20-06-2022) മറുപടി നൽകിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 2,12,94,975.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,65,80,279.00 |
| ആകെ | 5,78,75,254.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,19,15,026.00 |
| നീക്കിയിരിപ്പ് | 1,59,60,228.00 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10022 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | | 70,10,000 | 70,10,000 | 69,84,596 | 25404 | 99.64 |
| വികസന ഫണ്ട് - എസ്.സി.പി | | | 4,56,000 | 4,56,000 | 4,56,000 | 0 | 100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | 70,96,354 | 70,96,354 | 43,30,257 | 27,66,097 | 61.02 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | | 30,80,000 | 30,80,000 | 6,57,684 | 24,22,316 | 21.35 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | | | 24,31,000 | 24,31,000 | 22,64,981 | 1,16,019 | 93.17 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | | | 3456681 | 3456681 | 3429046 | 27635 | 99.20 |
| തൊഴിലുറപ്പ് പദ്ധതി | ഭരണചെലവ് | 253135 | 566563 | 819698 | 818,701 | 997 | |
| | തൊഴിലാളികളുടെ കൂലി | | 45,79,458 | 45,79,458 | 45,79,548 | | |
| ടോട്ടൽ സാനിറ്റേഷൻ | | 213950 | 0 | 213950 | 0 | 213950 | |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | 79894 | 390095 | 469989 | 291233 | 178756 | |
| വിമുക്തി | 33500 | 0 | 33500 | 0 | 33500 | |
| എം.പി. ഫണ്ട് | 2403 | 72 | 2475 | 0 | 2475 | |
| ശുചിത്വമിഷൻ | 10,00,000 | 1234004 | 2234004 | 11,52,687 | 1081317 | |
| ഇലക്ഷൻ | | 19500 | 19500 | 0 | 19500 | |

സ്ഥാപനം 2020-21 വർഷത്തെ ഗ്രാന്റ് പത്രിക സമർപ്പിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 183 | 4,60,35,823 | 154 | 2,74,31,901 | 118 | 36 | 29 | 64 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതിചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8,51,800 | 10 | 6,82,050 | 10 | 80 |
| 2 | വെറ്റിനറി സർജൻ | 8,56,000 | 4 | 5,64,340 | 4 | 66 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 37,44,055 | 18 | 33,37,984 | 15 | 89 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3,13,000 | 4 | 3,02,808 | 4 | 97 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2,00,000 | 4 | 2,00,000 | 4 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1,18,92,840 | 24 | 38,07,191 | 19 | 32 |
| 7 | ഐ.സി. ഡി.എസ് സൂപ്പർ വൈസർ | 18,05,000 | 5 | 15,43,457 | 5 | 86 |
| 8 | സെക്രട്ടറി | 69,92,159 | 33 | 37,45,849 | 29 | 54 |
| 9 | അസിസ്റ്റന്റ്എഞ്ചിനീയർ | 1,69,45,633 | 64 | 1,12,27,896 | 47 | 66 |
| 10 | അസിസ്റ്റന്റ്സെക്രട്ടറി | 7,08,015 | 6 | 5,57,206 | 6 | 79 |
| 11 | ഹെഡ്മാസ്റ്റർ, | 10,89,321 | 5 | 10,59,655 | 5 | 97 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5,38,000 | 5 | 3,24,945 | 5 | 60 |

| | | | | | | |
|---|---|---|---|---|---|---|
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1,00,000 | 1 | 78,520 | 1 | 78.52 |
| | | 4,60,35,823 | 183 | 2,74,31,901 | 154 | 60 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

| | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | ഭരണചെലവ് | 253135 | 566563 | 819698 | 818,701 | 997 |
| | തൊഴിലാളികളുടെ കൂലി, മെറ്റീരിയൽ വില | | 45,79,458 | 45,79,458 | 45,79,548 | |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളിൽ 18% പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടുള്ളത്. അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) |
|---|---|---|
| 395 | 81 | 70 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം 2020-2021

| ക്രമ നമ്പർ | ഇനം | |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 67 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 799 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 260 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 90 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 23 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 12531 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 3,38,300 | 157 |
| വിധവാപെൻഷൻ | 1,20,44,500 | 5375 |
| വാർദ്ധക്യകാലപെൻഷൻ | 2,86,32,900 | 13588 |
| ഭിന്ന ശേഷി പെൻഷൻ | 32,61,300 | 1492 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ | 22,40,200 | 984 |
| വിവാഹധനസഹായം | 2,40,000 | 8 |

## 1-7-1 പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത്, 2020-21 വർഷം നൃമാഹി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ, പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്റ്റർ | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ജയലക്ഷ്മി. ആർ.കെ | 462178055204 | 111530201571 | 5/21 Dt 6.1.21 | 25.12.2020 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1/21 വരെ |
| 2 | ജാനകി | 337269396503 | 111530200785 | 2/2021 Dt. 6.1.21 | 5.12.2020 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 2/22 വരെ |
| 3 | സഫിയ എ.കെ | 284516022331 | 111530201340 | 30/21 Dt 15.4.21 | 25.3.21 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 8/21 വരെ |
| | റാബി കെ. സി | 304643288054 | 111530600318 | 36.21 Dt31.5.21 | 7.5.21 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 8/21 വരെ |
| 4 | കൊയോട്ടി കുന്നമ്മൽ | 743001100782 | 111530201067 | 8/20dt16.1.20 | 7.1.20 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2/22 വരെ |
| 5 | സിദ്ദിഖ് | 478714688423 | 111530201669 | 41/20 Dt24.7.20 | 4.7.20 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6/21 വരെ |
| 6 | അബ്ദുള്ള. എം.കെ | 322106643248 | 111530200945 | 50/20 | 30.6.20 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/20 വരെ |
| 7 | ആയിഷ.പി | 337121201603 | 111530600048 | 64/20 Dt5.10.20 | 20.9.20 | ഇന്ദിരാഗാന്ധി ദേശീയ | 2/22 വരെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | വിധവ പെൻഷൻ സ്കീം | |
| 8 | സരള എ | 222437548516 | 111530600321 | 70/20 Dt 2.11.20 | 9.6.20 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 2/22 വരെ |
| 9 | ഉസ്മാൻ.കെ | 562115996289 | 111530200602 | 71/20 Dt 3.11.20 | 24.5.20 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻ ഷൻ | 10/20 വരെ |
| 10 | മാതു ടി | 808270312710 | 111530200256 | 82/20 Dt 3.12.20 | 14.11.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 6/21 ൽ മാത്രം അനു വദിച്ച |
| 11 | ജാനകി.കെ | 638552893215 | 111530200357 | 84/20 Dt18.12.20 | 26.11.20 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻ ഷൻ | 12/20 വരെ |
| 12 | ജാനകി | 337269396503 | 111530200785 | 2/2021 Dt 6.1.21 | 5.12.20 | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 2/22 വരെ |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ച് അടവാക്കുന്നതിനായി ബന്ധപ്പെട്ട ബാങ്കുകളിലേയ്ക്ക് കത്ത് നൽകി തുക തിരിച്ചടക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (2/15.6.2022) മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ തുക കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 001101023000269 നമ്പർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ്‌വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും, ഗുണഭോക്താവാണെങ്കിൽ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിവരശേഖരണത്തിനായി അങ്കണവാടി വർക്കർ, ആശാ വർക്കർ, പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ ബാങ്കിൽ നിന്നും മരണപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിച്ചും ഇത്തരത്തിലുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-7-2 പെൻഷൻ തിരികെ ഈടാക്കിയത് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല

ശ്രീ.കെ.വി.അബു, ഫിറോസമൻസിൽ, പെരിങ്ങാടി&ശ്രീമതി സുഹറ.ടി.കെ, ഉസ്സൻമൊട്ട, കുറിച്ചിയിൽ എന്നവരുടെ മരണശേഷം അക്കൗണ്ടിൽ വന്ന തുക യഥാക്രമം ₹31500, ₹22975 തിരികെ ഈടാക്കിയത് ന്യൂമാഹി ഗ്രാമ

പഞ്ചായത്തിന്റെ അക്കൗണ്ടിൽ 2018-19 സാമ്പത്തിക വർഷം ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയത് അദർ ലയബിലിറ്റിയായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് അക്കൗണ്ടിലേയ്ക്ക് തിരികെ അടച്ചിട്ടില്ല .₹ 54,475 കാലതാമസം കൂടാതെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 001101023000269 നമ്പർ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-06-2022 ന് 3.01 Pm സമയത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3920 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർത്തിട്ടില്ല. 12/20ന് ശേഷം യോഗം ചേർന്നിട്ടില്ല. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി ജീവനക്കാർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകുന്നുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം യോഗം ചേർന്ന് പദ്ധതി പുരോഗതി, നികുതി പിരിവ് പുരോഗതി എന്നിവ വിലയിരുത്താത്തത് പോരായ്മയാണ്. ചില യോഗങ്ങളുടെ മിനുട്ട്സ് രജിസ്റ്ററിൽ എഴുതിയിട്ടില്ല. ഓഫീസ് ഉത്തരവ് സമയാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സമഗ്രമായ ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ നികുതികൾ 100% പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ലൈസൻസ് ഫീസിനത്തിൽ കുടിശ്ശികയുണ്ട്. നികുതി പുരോഗതി വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭരണനിർവഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും പൊതുവെ തൃപ്തികരമാണ്.

## 1-10 ഗ്രാമസഭ

2020-21 വർഷം കോവിഡ് പ്രോട്ടാക്കോൾ നിലനിൽക്കുന്നതിനാൽ എല്ലാ വാർഡുകളിലും ഒരു തവണ വീതം മാത്രമാണ് ഗ്രാമ സഭകൾ (14.2.2021) ചേർന്നിട്ടുള്ളത്. പുതിയ ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷമുള്ള ആദ്യ ഗ്രാമ സഭയാണിത്.

2020-21 വാർഷിക പദ്ധതി അവലോകനം, ഗുണഭോക്തൃപട്ടിക അംഗീകരിക്കൽ, ക്ഷേമ പെൻഷൻ അംഗീകരിക്കൽ, 2021-22 വാർഷിക പദ്ധതി ആസൂത്രണം മുതലായവയാണ് പ്രധാന അജണ്ട. 2018-19 ലെ ഓഡിറ്റ് റിപ്പോർട്ട് ഈ ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

ഗ്രാമ സഭാ യോഗത്തിൽ പങ്കെടുക്കുന്നവരിൽ ചിലർ പൂർണ്ണമായ മേൽ വിലാസം ചേർക്കുന്നില്ല. ഗ്രാമ സഭകളിൽ നിശ്ചിത ക്വാറം തികയുന്നുണ്ട്. യോഗം അവസാനിച്ചാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും യോഗത്തിൽ പങ്കെടുത്തിട്ടുള്ള ജന പ്രതിനിധികളും കൂടാതെ ഗ്രാമസഭ യോഗത്തിൽ പങ്കെടുത്തിട്ടുള്ള 15 പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.എന്നാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും മാത്രമേ ഒപ്പ് രേഖപ്പെടുത്തുന്നുള്ളൂ. ചില വാർഡുകളിലെ (ഉദാഃ-5-ാം വാർഡ്, 9-ാം വാർഡ്) ഗ്രാമസഭ മിനുട്ട്സ് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല .

## 1-11 വസ്തുനികുതി-ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില വിഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015, സ.ഉ(അ)നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 എന്നീ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ എന്നീ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. എന്നാൽ നിലവിൽ ഇപ്രകാരം വിജ്ഞാപനം ചെയ്തിട്ടില്ല. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗം അഞ്ച് മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിയാണെങ്കിൽ അടിസ്ഥാന വസ്തുനികുതിയിൻമേൽ 20% വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചുവടെ ചേർത്ത കെട്ടിടങ്ങളുടെ സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗം അഞ്ച് മീറ്ററുള്ള റോഡിൽ നിന്നാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചട്ട പ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ | തറവിസ്തീർണം (ച. മീ) | റോഡിന്റെ പേര് | ഡിമാന്റ് ചെയ്ത നികുതി (സേവന ഉപനികുതി 6%, ലൈബ്രറി സെസ്സ് 5% ഉൾപ്പെടെ) | ഡിമാന്റ് ചെയ്യേണ്ട നികുതി (20% വർദ്ധനവ്) (സേവന ഉപനികുതി 6%, ലൈബ്രറി സെസ്സ് 5% ഉൾപ്പെടെ) | വ്യത്യാസം | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| 1 | 4/171 D | റഹീന ഫൈസൽ, ഫൈസൽ കണ്ടോത്ത് | 227.02 | ടി വി റിലേ സ്റ്റേഷൻ റോഡ്, | 1136 | 1386 (227.02x5=1135.1 ഇളവ് 10%=113.5 വർദ്ധനവ് 20%=227.02) | 250 | അടിസ്ഥാന നികുതി നിരക്ക് - ₹5/ ചതുരശ്ര മീറ്റർ, മേഖല- ദ്വിതീയം |
| 2 | 5/126 A | കേളോത്ത് ജിനിഷ | 188.18 | മുനിസിപ്പൽ റോഡ് | 941 | 1149 (188.18x5=940.9 ഇളവ് 10%=94 വർദ്ധനവ് 20%=188) | 208 | അടിസ്ഥാന നികുതി നിരക്ക് - ₹5/ചതുരശ്ര മീറ്റർ, മേഖല- ദ്വിതീയം |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6/16-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള വർദ്ധനവ് വരുത്തി വസ്തു നികുതി പുനർനിർണയിച്ച് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല.

കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്ററർ പരിശോധിച്ചതിൽ 2015-16,2016-17 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻവേണ്ടി അപേക്ഷ നൽകുകയോ ചെയ്യതായി കാണുന്നില്ല പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ നാളിതുവരെ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നം കാലാവധി | നിലവിലുള്ളതിന്റെയും കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെയും വിസ്തീർണ്ണം | സഞ്ചയ പ്രകാരം നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|

| | | | | (ചതുരശ്ര മീറ്റർ) | | |
|---|---|---|---|---|---|---|
| | | | | നിലവിലുള്ളത് | പുതിയ നിർമ്മാണം | |
| 1 | 4/23 | ചീളുപറമ്പത്ത് അബ്ദുൾ കരീം | BL 66/2015-16 25-10-18 | 88.18 | 69.62 | താഴത്തെ നില 72ച. മീ |
| 2 | 5/34 | കോട്ടകുന്നമ്മൽ കുഞ്ഞിമൊയ്തു | BL 67/2015-16 5-10-18 | 73.11 | 88.95 | താഴത്തെ നില 73.81 ച. മീ |
| 3 | 4/283 | ഒതയോത്ത് ചെലോട് പ്രമോദ് കുമാർ | BL 61/2015-16 15-10-18 | 116.57 | 33.31 | താഴത്തെ നില 102.24ച. മീ |
| 4 | 5/204 | കയനാടത്ത് ശ്രീധരൻ | BL105/2015-16 3-2-19 | 84.36 | 70.94 | താഴത്തെ നില 82 ച. മീ |
| 5 | 7/41 | പരവൻറവിട റസിയ | 61/67 24-11-19 | 83.43 | 65.87 | താഴത്തെ നില 82.32ച. മീ |

ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി നിർണയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/17-6-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ആയതിൽ നിന്നും കൂട്ടിചേർക്കൽ വരുത്തിയതും ഘടന പരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - മുഴുവൻ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ (1996 പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3) അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പ്രകാരം സർക്കാർ ജീവനക്കാരെയും നാമമാത്രമായ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരെയും മാത്രമെ തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളു. നാനൂറോളം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് എഫ് ടി ഇ & ഒ എസ് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സർക്കാർ സ്ഥാപനങ്ങളിലെ ഉൾപ്പെടെ ആകെ 58 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും മാത്രമെ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം നോട്ടീസ് നൽകി നികുതി ഈടാക്കുന്നുള്ളു. 2020-21 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത ഇരുപതോളം വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/17.6.2022) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യമായതിനാൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിപ്പ്- അപാകങ്ങൾ

ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി, സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാർ സ്ഥലം മാറി പോയതിന്റെ വിവരങ്ങൾ, റിട്ടേൺ

പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം, തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ മുഴുവൻ വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപന മേധാവി സമർപ്പിച്ച റിട്ടേൺ പ്രകാരമുള്ള ജീവനക്കാരുടെ പേരു വിവരങ്ങൾ, അടവാക്കിയ തുക എന്നിവ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. റിട്ടേൺ പ്രകാരമുള്ള വിവരങ്ങളിൽ നിന്നും വ്യത്യസ്തമായാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ജി എൽ പി എസ് കുനിയിൽ, പ്രധാനധ്യാപകൻ സമർപ്പിച്ച ഒന്നാം അർദ്ധ വർഷത്തെ റിട്ടേൺ പ്രകാരം നാലു ജീവനക്കാരുടെ തൊഴിൽ നികുതിയായി ₹ 5000 അടവാക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രണ്ട് ജീവനക്കാരിൽ നിന്നും ₹ 2500 ഈടാക്കിയതായാണ് രേഖപ്പടുത്തിയിട്ടുള്ളത്. കൃഷി ഓഫീസർ സമർപ്പിച്ച ഒന്നാം അർദ്ധ വർഷത്തെ റിട്ടേൺ പ്രകാരം നാലു ജീവനക്കാരുടെ തൊഴിൽ നികുതിയായി ₹ 4500 അടവാക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ മൂന്ന് ജീവനക്കാരിൽ നിന്നും ₹3250 ഈടാക്കിയതായാണ് രേഖപ്പടുത്തിയിട്ടുള്ളത് .രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-16 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ / പേര് | 32/21 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹35000 വികസന ഫണ്ട്, ജനറൽ |
| ചെലവ് | ₹ 34000<br>ബിൽനമ്പർ:20220352012600579778/01-10-2020 |

മേൽ പ്രൊജക്റ്റ് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹34000നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/17-06-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് പ്രസിഡണ്ടിന് ലാപ് ടോപ് വാങ്ങൽ - അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 206/21,പഞ്ചായത്ത് പ്രസിഡണ്ടിന് ലാപ് ടോപ് വാങ്ങൽ |
| അടങ്കൽ | ₹35000(വികസന ഫണ്ട്,ജനറൽ)<br>₹5000 (തനത് ഫണ്ട്)<br>-----------------<br>₹40000 |
| ചെലവ് | ₹33478<br>20220352012600647860/03-03-2021 |

കെൽട്രോണിന്റെ ഇൻവോയ്സ് നമ്പർ ഐ.ടി.പി/11764/2020-21/18-03-2021 പ്രകാരം ലാപ് ടോപ് ലഭിച്ചിട്ടുണ്ട്.ഇ ഗവേണൻസ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നോ തുക വകയിരുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡണ്ടിനും ലാപ് ടോപ് വാങ്ങുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 05/04/2013 തീയതിയിലെ സ.ഉ (സാധാ)നം. 915/2013 ഉത്തരവിൽ അനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/18-06-2022) ന്യൂ മാഹി ഗ്രാമ പഞ്ചായത്തിൽ തനത് ഫണ്ടിന്റെ അപര്യാപ്തത കാരണവും അടിയന്തിരമായി ലാപ്ടോപ് വാങ്ങിക്കേണ്ടതിനാലുമാണ് വികസന ഫണ്ട് വകയിരുത്തിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-18 ചവേക്കുന്ന് അങ്കണവാടിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 215/21 ചവേക്കുന്ന് അങ്കണവാടിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ |
| അടങ്കൽ | ₹61000 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹61000<br>ബിൽ നമ്പർ :20220352012600984771/23-03-2021 |

ചവേക്കുന്ന് അങ്കണവാടിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ വലിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൌണ്ടിലേക്ക്(നം.67153474559) ₹61000 നൽകിയിട്ടുണ്ട്. അങ്കണവാടിയിലേക്ക് 29-10-2021 തീയതിയിൽ വാട്ടർ കണക്ഷൻ നൽകിയതിന്റെ പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് ഫയലിലുണ്ടെങ്കിലും തുക മുഴുവനായും വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/20-06-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 ന്യൂമാഹി പി.എച്ച്.സി കെട്ടിടം ഇലക്ട്രിഫിക്കേഷൻ-കരാറുകാരന് അധികം നൽകിയ 9054 രൂപ ഈടാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 162/21,ന്യൂമാഹി പി.എച്ച്.സി കെട്ടിടം ഇലക്ട്രിഫിക്കേഷൻ |
| അടങ്കൽ | ₹300000(തനത് ഫണ്ട്) |
| ചെലവ് | ₹256769<br>5115307201200008/15-06-20 |
| കരാറുകാരന്റെ പേര് | ശ്രീ.ഗോപകുമാർ.കെ.വി |
| എം.ബുക്ക് നമ്പർ | 109/19-20 |

കരാറുകാരന് നൽകിയ തുകയുടെ വിവരം താഴെ പറയും പ്രകാരമാണ്

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 213546 |
| ജി.എസ്.ടി 12 % | 25626 |
| റെമ്യൂണറേഷൻ ഓഫ് പാനൽ എഞ്ചിനീയേഴ്സ് 4% | 8543 |
| ആകെ | 247715 |
| (-) ആദായനികുതി 1% | 2135 |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമ നിധി 1% | 2135 |
| (-)സി.ജി.എസ്.ടി (1%) | 2392 |
| (-)എസ്.ജി.എസ്.ടി( 1%) | 2392 |
| റെമ്യൂണറേഷൻ ഓഫ് പാനൽ എഞ്ചിനിയേഴ്സ് 4% | 8543 |
| കരാറുകാരന് അനുവദിക്കാവുന്നത് | 230118 |
| കരാറുകാരന് അനുവദിച്ചത് | 239172 |

| | |
|---|---|
| അധികം അനുവദിച്ചത് | 9054 |

മുകളിൽ കൊടുത്ത പ്രകാരം കരാറുകാരന് തുക അധികം നൽകിയതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/17-06-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം നൽകിയ 9054 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 കരനെൽകൃഷി വികസനം -കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് പേര്&നമ്പർ | കരനെൽകൃഷി വികസനം<br>195/21 |
| അടങ്കൽ | ₹13,600 (വികസന ഫണ്ട് -പൊതു വിഭാഗം -സാധാരണ വിഹിതം) |
| ചെലവ് | ₹13,600 |
| ബിൽ/വൗച്ചർ നമ്പർ, തീയ്യതി | 20220352011201225621-dt10.3.21 - ₹12,400<br>20220352011201225616 -Dt 10.3.2021 -₹ 1200 |

കര നെൽകൃഷിവികസന പദ്ധതി ഗുണഭോക്താവായ ശ്രീ .റഷീദ് എന്നവർക്ക് വിത്തിന് വേണ്ടി ₹ 1200 യും കൂലി ചെലവ് സബ്സിഡിയായി 250സെന്റിൽ കൃഷി ചെയ്യതിന് ₹ 12,400 യും മേൽ പറഞ്ഞപ്രകാരം നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിസബ്സിഡി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ)നം 22/2018/ത സ്വ ഭ വ തീയതി 14.2.2018) 6.1 .6ൽ കർഷകൻ വിള ഇൻഷ്വറൻസ് തുക മുൻകൂറായി അടക്കണമെന്നും ,നടീലും ,കൊയ്ത്തും ഒഴികെയുള്ള കാർഷീക പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നും, കൂടാതെ കുറിപ്പ് 1 ൽ കൃഷി ചെയ്യിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/17.6.2022 ) വിള ഇൻഷ്വറൻസ് തുക അടച്ചിട്ടില്ല എന്നും, കൃഷി ചെയ്യിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും, തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല എന്നുമാണ് മറുപടി നൽകിയത്. ഭാവിയിൽ കാർഷിക പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. കരനെൽകൃഷി ചെയ്യിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് .

## 1-21 വനിതാ ഗ്രൂപ്പ് പച്ചക്കറി വികസന പദ്ധതി -കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് പേര്&നമ്പർ | വനിതാ ഗ്രൂപ്പ് പച്ചക്കറി വികസന പദ്ധതി -9/21 |
| അടങ്കൽ | 34,000(വികസന ഫണ്ട് -പൊതു വിഭാഗം -സാധാരണ വിഹിതം)<br>34,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>----------<br>₹68000 |
| ബിൽ/ നമ്പർ, തീയ്യതി, തുക | 20220352011201225648 Dt 10.3.21- 34,000<br>20220352011201273839 Dt 16.3.21- 34,000 |

വനിതാ ഗ്രൂപ്പ് പച്ചക്കറി വികസന പദ്ധതിയിൽ 19 വനിതകൾക്ക് കൂലി ചെലവ് സബ്സിഡിയായി ₹68,000 നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിസബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം 22/2018/ തസ്വഭവ തീയതി 14.2.2018 6.1.7ൽ നടീലും, വിളവെടുപ്പും ഒഴികെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നും കൂടാതെ കുറിപ്പ് 1 ൽ കൃഷി ചെയ്യിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/17.6.2022), കൃഷി ചെയ്യിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും, തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല എന്നുമാണ് മറുപടി

നൽകിയത്. കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്

മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കാത്തത്

2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ കൃത്യമായ അവലോകനത്തിൽ മാത്രമേ പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

## 1-22 കരാർ ചമക്കുന്നതിലെ കാലതാമസം പിഴ ഈടാക്കാത്തത് സംബന്ധിച്ച്

കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009.6 അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകാരൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ ചമക്കാത്തതിന് മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കിയിട്ടില്ല.

| ക്രമനം | പ്രവൃത്തിയുടെ പേര്, കരാർ തുക,കരാറുകാരൻ | കരാർ തുക | സെലക്ഷൻ നോട്ടീസ് നമ്പർ തിയതി | പിഴ കൂടാതെ കരാർ ചമക്കേണ്ടിയിരുന്ന അവസാനതിയതി | കരാർ ചമച്ച തീയതി |
|---|---|---|---|---|---|
| 1 | 183/21 കുനിയിൽ ഗവൺമെന്റ് എൽ പി സ്കൂൾ മെയിന്റനൻസ് രണ്ടാം ഘട്ടം<br>സി കെ സലീം<br>ബിൽ നമ്പർ തീയിതി<br>298/29-03-2021 ₹187000<br>299/29-03-2021 ₹144000<br>ചെക്ക് നമ്പർ 3923191/30-03-2021 ₹94,964 | 409656 | AE/174/19-20 തീയതി 22-02-2020 | 07-03-2020 | 16-03-2020 |

കരാർ ചമക്കുന്നതിന് കാലതാമസത്തിന് പിഴ ഈടാക്കാത്തതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/17-06-2022) പിഴ ഈടാക്കി ഒടുക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. കരാർ തുകയുടെ409656x 1% പിഴ 4097 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-23 സഹീറിന്റവിടെ വീട് മുതൽ പനോളി വില്ലുവരെ ഫുട്പാത്ത് കോൺക്രീറ്റിംഗ് ടെണ്ടർ കുറവ് കണക്കാക്കിയതിലെ അപാകങ്ങൾ 968 രൂപ അധികചെലവ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ / പേര് | സഹീറിന്റവിടെ വീട് മുതൽ പനോളി വില്ലുവരെ ഫുട്പാത്ത് കോൺക്രീറ്റിംഗ് |
| അടങ്കൽ | 2,46,000 (തനത് ഫണ്ട്) |
| ചെലവ് | ₹2,42,349 |
| ചെക്ക് നമ്പർ തീയതി | ₹240189 (5448449/25-02-2021)<br>₹2,160 (5448450/25-02-2021) |

| | |
|---|---|
| കരാറുകാരൻ | ശ്രീ.സി.ടി സുരേഷ് ബാബു |
| കരാർ നമ്പർ തീയതി | AE/NM/18/20-21 തീയതി 05-11-2020 |
| എം ബുക്ക് നമ്പർ | 64/20-21 |

മേൽ പ്രവൃത്തി 0.20% കുറഞ്ഞനിരക്കിൽ ടെണ്ടർ സമർപ്പിച്ച കരാറുകാരന് തുക അനുവദിച്ചപ്പോൾ 0.20% അധിക നിരക്കിൽ അനുവദിച്ചത് കാരണം 968 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു.

| | അനുവദിച്ചത് | അനുവദിക്കാവുന്നത് |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 215951 | 215951 |
| (-) ടെണ്ടർ കുറവ് | 432 | 432 |
| | 216383 | 215519 |
| (+) CGST 6% | 12983 | 12931 |
| (+)SGST 6% | 12983 | 12931 |
| | 242349 | 241381 |
| അധികം നൽകിയത് (242349-241381) | | 968 |

968 രൂപ അധികം നൽകിയതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 22/17-06-2022) അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തി രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

മരാമത്ത് പ്രവൃത്തികളുടെ വരവ് ചെലവ് നിരീക്ഷിക്കുന്നതിന് ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല. ഇത് കാരണം വരവ് ചെലവുകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1- ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

2- പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

3- ടെണ്ടർ ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ലഭിക്കാനുള്ള തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. കിട്ടാനുള്ള തുക സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലഭിക്കാനുള്ള തുക കണക്കാക്കി തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4- എല്ലാ പ്രവൃത്തികളുടെ ഫയലിലും സെലക്ഷൻ നോട്ടീസ് ഉൾപ്പെടുത്തുന്നില്ല. ഇത് കാരണം സമയബന്ധിതമായി കരാറിൽ ഏർപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

5- പ്രവൃത്തിയുടെ പൂർത്തീകരണ തീയതി കരാറുകാരുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ രേഖപ്പെടുത്താത്തത് കാരണം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും, നിശ്ചിത കാലവധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്തവരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും സാധിക്കുന്നില്ല.
ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്. പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 എസ് സി/എസ് ടി കുടുംബങ്ങൾക്ക് സോളാർ റാന്തൽ - മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 5/21,പട്ടികജാതി കുടുംബങ്ങൾക്ക് സോളാർ റാന്തൽ |
| അടങ്കൽ | ₹72450(വികസന ഫണ്ട്,എസ്.സി.പി) |
| | ₹8050(ഗുണഭോക്തൃ വിഹിതം )<br>------<br>₹80500 |
| ചെലവ് | ₹72450<br>2022035201270118 1553/03-03-2021 |
| | ₹8050 (ഗുണഭോക്തൃ വിഹിതം )<br>5115319601200010/03-03-2021 |
| | ₹80500 |

പട്ടിക ജാതി വിഭാഗത്തിൽ പെട്ട 23 കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം ചെയ്യുന്നതിനായി അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു റാന്തലിന് ₹3500 നിരക്കിൽ ആകെ 23 സൗരറാന്തൽ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടുള്ള റേഷൻ കാർഡിന്റെ പകർപ്പുകളിൽ മേൽ സൂചിപ്പിച്ച മുഴുവൻ ഗുണഭോക്താക്കളുടെയും വീട് വൈദ്യുതീകരിച്ചതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ ഖണ്ഡിക 5-5 പ്രകാരം വൈദ്യുതി എത്താത്ത പ്രദേശങ്ങളിലെ എസ്.സി, എസ്.ടി വിഭാഗത്തിലെ വീടുകൾക്കാണ് സൗരറാന്തൽ വാങ്ങി നൽകാവുന്നത്. മാർഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/17-06-2022) പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുക വഴി വൈദ്യുതി മിച്ചം പിടിക്കുക എന്ന സർക്കാരിന്റെ കാഴ്ചപ്പാട് മുൻനിർത്തിയും സമൂഹത്തിൽ താഴെക്കിടയിലുള്ള പട്ടിക ജാതി കുടുംബങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയും നടപ്പിലാക്കിയ പ്രൊജക്ട് ആണെന്നാണ് മറുപടി ലഭ്യമാക്കിയത്. മാർഗ്ഗരേഖയിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് മാത്രമേ സൗരറാന്തൽ വിതരണം ചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ മേൽ മാനദണ്ഡം പാലിക്കാതെ പദ്ധതി നടപ്പിലാക്കിയത് ശരിയായ നടപടിയല്ല. പ്രൊജക്ട് നിർവ്വഹണം ചെയ്യുമ്പോൾ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ന്യൂട്രിമിക്സ് സാമ്പിൾ - ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

നൂമാഹി ഗ്രാമ പഞ്ചായത്തിലെ 16 അങ്കണവാടികൾക്ക് മധുരം ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലൊരു ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ന്യൂട്രിമിക്സ് സാമ്പിളുകളുടെ ലാബ് പരിശോധനാ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/17-06-2022) ലഭ്യമാക്കിയ മറുപടിയിൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ചെന്നൈ ലാബിലേക്ക് അയക്കേണ്ടതില്ലെന്ന് അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ലാബുകളിൽ പരിശോധന നടത്തിയതിന്റെ ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 വിദ്യാലയങ്ങളിലേക്ക് പുസ്തകങ്ങൾ -പ്രോക്യൂർമെന്റ് കമ്മിറ്റി മിനുട്സ് ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് പേര്&നമ്പർ | വിദ്യാലയങ്ങളിൽ വായനാ കോർണർ<br>114/21 |

| | |
|---|---|
| അടങ്കൽ | 36,000 (വികസന ഫണ്ട് -പൊതു വിഭാഗം -സാധാരണ വിഹിതം)<br>4,000(തനത് ഫണ്ട് )<br>-----------<br>₹40000 |
| ചെലവ് | ₹36,000 |
| ബിൽ നമ്പർ, തീയ്യതി | 295/29.3.2021 |

ഹെഡ് മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സ്കൂൾ ലൈബ്രറിക്കുള്ള പുസ്തകങ്ങൾ വാങ്ങൽ പദ്ധതിയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം 35% കുറവ് ക്വാട്ട് ചെയ്ത 2 സ്ഥാപനങ്ങളിൽ നിന്നും ഹരിതം ബുക്ക്സ്, കോഴിക്കോട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരേ നിരക്ക് ക്വാട്ട് ചെയ്ത രണ്ട് സ്ഥാപനത്തിൽ നിന്നുംഹരിതം ബുക്ക്സ്, കോഴിക്കോട് എന്ന സ്ഥാപനത്തെ അംഗീകരിച്ചതിന്റെ ഭരണസമിതി തീരുമാനം ലഭ്യമായിട്ടില്ല. പുസ്തകം പർച്ചേസ് ചെയ്യുന്നതിനായി പ്രൊക്യൂർമെന്റ് കമ്മിറ്റി മിനട്സ് ഹാജരാക്കിയിട്ടില്ല. പ്രോക്യൂർമെന്റ് കമ്മിറ്റി രേഖകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (9/16.6.22) മറുപടി നൽകിയത്. ഭരണസമിതി തീരുമാനം, പ്രൊക്യൂർമെന്റ് കമ്മിറ്റി രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-28 തുല്യത പദ്ധതി ഫീസ് അടവാക്കൽ -കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ് |
| പ്രോജക്ട് പേര്&നമ്പർ | പത്താം തരം പ്ലസ് വൺതുല്യത പദ്ധതി ഫീസ് അടവാക്കൽ -<br>102/21 |
| അടങ്കൽ | 52,850 (വികസന ഫണ്ട് -പൊതു വിഭാഗം -സാധാരണ വിഹിതം)<br>7150 (തനത് ഫണ്ട് )<br>---------<br>₹60000 |
| ചെലവ് | 52,850 – വികസന ഫണ്ട്<br>5,650 – തനത് ഫണ്ട് |
| ബിൽ/വൗച്ചർ നമ്പർ, തീയ്യതി | 238/17.3.21-52,850<br>22000350 / 31.3.21 -5250 |

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് നിർവ്വഹണത്തിന്റെ താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1-പത്താം തരം,പ്ലസ് വൺ,പ്ലസ് ടു തുല്യത, ഗുഡ് ഇംഗ്ലീഷ് എന്നീ കോഴ്സുകളുടെ കോഴ്സ് ഫീ ഇനത്തിൽ ആകെ 58,500 രൂപ സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ട്.

| കോഴ്സ് | പഠിതാക്കളുടെ എണ്ണം | തുക |
|---|---|---|
| ഗുഡ് ഇംഗ്ലീഷ് | 1 | 2500 |
| പത്താം തരം | 10 | 18500 |

| | | |
|---|---|---|
| ഹയർ സെക്കണ്ടറി+1 | 9 | 37500 |
| ഹയർ സെക്കണ്ടറി+2 | 6 | |

പത്താം തരം, ഹയർ സെക്കണ്ടറി തുല്യതയ്ക്ക് വേണ്ടി പഠിതാക്കളെ തെരഞ്ഞെടുത്തതിന്റേയും, ഓഫ് ലൈനിൽ പഠിച്ചവരുടെ ഹാജർ ലിസ്റ്റ്, പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ നടത്തിപ്പിന്റെയും, സർട്ടിഫിക്കറ്റുകൾ ലഭിച്ചതിന്റെയും സാക്ഷ്യപത്രം, ഉണഭോക്താക്കളെ ഗ്രാമ സഭ അംഗീകരിച്ചതിന്റെ വിവരങ്ങൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും, പത്താം തരം തുല്യതയ്ക്ക് വേണ്ടി കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയ്ക്ക് നൽകിയ തുകയുടെ തുക കൈപ്പറ്റി രശീതിയും ഹാജരാക്കിയിട്ടില്ല. പരീക്ഷ കഴിഞ്ഞിട്ടില്ല എന്നും, കഴിയുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണെന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (8/16.6.22) മറുപടി ലഭ്യമാക്കിയത്.

## 1-29 എസ് എസ് എ /എസ് എസ് കെ വിഹിതം കൈമാറൽവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടത്

| | | |
|---|---|---|
| പ്രോജക്ട് പേര്&നമ്പർ | സർവ്വശിക്ഷ അഭിയാൻ വിഹിതം കൈമാറൽ-141/21 | സമഗ്രശിക്ഷാ കേരളം വിഹിതം കൈമാറൽ92/21 |
| അടങ്കൽ | 1,87,321 (വികസന ഫണ്ട് -പൊതു വിഭാഗം -സാധാരണ വിഹിതം) | 6,50,000(വികസന ഫണ്ട് -പൊതു വിഭാഗം -സാധാരണ വിഹിതം) |
| ചെലവ് | 1,72,155 | 6,50,000 |
| ബിൽ നമ്പർ, തീയ്യതി | 10/11.4.2020 | 20220352010600565447 Dt1.10.20 |

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ് എസ് എ /എസ് എസ് കെ പ്രോജക്ടിന്റെ ആക്ഷൻ പ്ലാൻ, തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഇവ ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (7/16.6.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്

## 1-30 ആരോഗ്യ ഉപകേന്ദ്രത്തിന് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ -അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| പ്രോജക്ടിന്റെ നം/ പേര് | 81/21 ആർദ്രം ആരോഗ്യ ഉപകേന്ദ്രത്തിന് കംപ്യൂട്ടർ,പ്രിന്റർ കംപ്യൂട്ടർ ടേബിൾ |
| അടങ്കൽ | ₹80000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹ 20188ബിൽ നം 209/ 10-3-21<br>₹ 13063ബിൽ നം 210/ 10-3-21<br>₹ 40134ബിൽ നം 211/ 10-3-21<br>---------<br>₹73385 |

മേൽ പ്രൊജക്ട് പ്രകാരം ആരോഗ്യ ഉപകേന്ദ്രത്തിന് കംപ്യൂട്ടർ,പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. പ്രൊജക്ടിന്റെ ഭാഗമായി കെൽട്രോൺ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് നമ്പർ TVM ITBG /PI/RC/23098/20-21 തീയ്യതി 3-3-21 പ്രകാരം ഒരു ഡെസ്ക് ടോപ്പ് കംപ്യൂട്ടർ വാങ്ങുന്നതിന് ₹40134 കെൽട്രോണിന് കൈമാറിയിട്ടുണ്ട്. ACER Tax Invoice No.ITBG/ITP/SRC/0197/21-22 Dtd 22-7-21 പ്രകാരം 1 ഡെസ്ക് ടോപ്പ് ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ACER ബിൽ

പ്രകാരം ഡെസ്ക് ടോപ്പിന് ടാക്സ് ഉൾപ്പെടെ ₹38266 യാണ് വിലയുള്ളത്. എന്നാൽ ₹40134 മുൻകൂറായി കെൽട്രോണിന് നൽകുകയും ചെയ്തിട്ടുണ്ട്. കെൽട്രോണിന്റെ ഒറിജിനൽ ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2.ബിൽ നം 209/ 10-3-21പ്രകാരം പ്രിന്റർ വാങ്ങുന്നതിനായി കെൽട്രോൺ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് നമ്പർ TVM ITBG /PI/RC/23696/20-21 തീയ്യതി 3-3-21 പ്രകാരം ₹20188 രൂപ കെൽട്രോണിന് മുൻകൂറായി നൽകിയിട്ടുണ്ട്. DHL റഫറൻസ് നം 9114419464 പ്രകാരം പ്രിന്റർ ലഭ്യമായിട്ടുണ്ടെങ്കിലും ₹19246 യാണ് വില രേഖപ്പെടുത്തി കാണുന്നത് .

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/20.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കെൽട്രോണിൽ നിന്നുള്ള ഒറിജിനൽ ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും സ്ഥാപനത്തിന് അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

## 1-31 ദുരിതാശ്വാസ നിധി സബ്കമ്മിറ്റി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം (2) പ്രകാരം രൂപീകരിച്ച ദുരിതാശ്വാസ നിധിയ്ക്ക് പ്രസിഡണ്ടും, സെക്രട്ടറിയും, ഗ്രാമ പഞ്ചായത്തിലെ ഒരംഗവും ഉൾപ്പെടുന്ന സബ്കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ പ്രസിഡണ്ടും, കൺവീനർ സെക്രട്ടറിയും ആയിരിക്കേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിൽ ഇപ്രകാരമുള്ള സബ്കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

ന്യൂ മാഹി ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധിയിൽ നിന്നും തൻവർഷം ചെലവൊന്നും ഉണ്ടായിട്ടില്ല . ഈ വർഷത്തെ 3346 വരവ് ഉൾപ്പെടെ ₹86178 നീക്കിയിരിപ്പുണ്ട്. സബ്കമ്മിറ്റി രൂപീകരിക്കേണ്ടതും ദുരിതമനുഭവിക്കുന്ന നിർധനരായവർക്ക് അടിയന്തിര ധനസഹായം നൽകുന്നതിനായി രൂപീകരിച്ച ദുരിതാശ്വാസ നിധി നിഷ്ക്രിയമാകാതെയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും, സാമൂഹികാധിഷ്ഠിതവുമായ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് സംബന്ധിച്ച 04.12.19 ലെ സർക്കാർ ഉത്തരവ് (കൈ) നം.156/19/ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്തിൽ Emergency Response Team (ERT) -കൾ രൂപീകരിച്ചിട്ടുണ്ട്.ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് നല്ലരീതിയിൽ നടത്തിയിട്ടുണ്ട്. പെരിങ്ങാടി അൽഫല ഇൻസ്റ്റിറ്റ്യൂഷന് കീഴിലെ അസംബ്ലി ഹാൾ C F L TC ആയി പ്രവർത്തിച്ചിട്ടുണ്ട്. C F L TC യിൽ പ്രത്യേക ആംബുലൻസ്, ജനറേറ്റർ തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭിച്ച 50,000 രൂപയിൽ നിന്നും C F L T C സൈൻ ബോർഡ് സ്ഥാപിക്കാൻ ഉപയോഗിച്ച തുക കഴിച്ച് 42,699 N M G B ന്യൂമാഹി ബ്രാഞ്ച് A/C No- 40528101024672 ൽ ബാക്കിയുണ്ട്. സ്പോൺസർഷിപ്പ് വഴിയും വിഭവ സമാഹരണം നടത്തിയിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ന്യൂമാഹി പി.എച്ച്.സി കെട്ടിടം ഇലക്ട്രിഫിക്കേഷൻ-കരാറുകാരന് അധികം നൽകിയ 9054 രൂപ ഈടാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 162/21,ന്യൂമാഹി പി.എച്ച്.സി കെട്ടിടം ഇലക്ട്രിഫിക്കേഷൻ |
| അടങ്കൽ | ₹300000(തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് | ₹256769<br>5115307201200008/15-06-20 |
| കരാറുകാരന്റെ പേര് | ശ്രീ.ഗോപകുമാർ.കെ.വി |
| എം.ബുക്ക് നമ്പർ | 109/19-20 |

കരാറുകാരന് നൽകിയ തുകയുടെ വിവരം താഴെ പറയും പ്രകാരമാണ്

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 213546 |
| ജി.എസ്.ടി 12 % | 25626 |
| റെമ്യൂണറേഷൻ ഓഫ് പാനൽ എഞ്ചിനീയേഴ്സ് 4% | 8543 |
| ആകെ | 247715 |
| (-) ആദായനികുതി 1% | 2135 |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമ നിധി 1% | 2135 |
| (-)സി.ജി.എസ്.ടി (1%) | 2392 |
| (-)എസ്.ജി.എസ്.ടി( 1%) | 2392 |
| റെമ്യൂണറേഷൻ ഓഫ് പാനൽ എഞ്ചിനിയേഴ്സ് 4% | 8543 |
| കരാറുകാരന് അനുവദിക്കാവുന്നത് | 230118 |
| കരാറുകാരന് അനുവദിച്ചത് | 239172 |
| അധികം അനുവദിച്ചത് | 9054 |

മുകളിൽ കൊടുത്ത പ്രകാരം കരാറുകാരന് തുക അധികം നൽകിയതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/17-06-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം നൽകിയ 9054 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 സഹീറിന്റവിടെ വീട് മുതൽ പനോളി വില്ലവരെ ഫുട്പാത്ത് കോൺക്രീറ്റിംഗ് ടെണ്ടർ കുറവ് കണക്കാക്കിയതിലെ അപാകങ്ങൾ 968 രൂപ അധികചെലവ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ /പേര് | സഹീറിന്റവിടെ വീട് മുതൽ പനോളി വില്ലവരെ ഫുട്പാത്ത് കോൺക്രീറ്റിംഗ് |
| അടങ്കൽ | 2,46,000 (തനത് ഫണ്ട്) |
| ചെലവ് | ₹2,42,349 |
| ചെക്ക് നമ്പർ തീയതി | ₹240189 (5448449/25-02-2021)<br>₹2,160 (5448450/25-02-2021) |
| കരാറുകാരൻ | ശ്രീ.സി.ടി സുരേഷ് ബാബു |
| കരാർ നമ്പർ | AE/NM/18/20-21 തീയതി 05-11-2020 |

| | |
|---|---|
| തീയതി | |
| എം ബുക്ക് നമ്പർ | 64/20-21 |

മേൽ പ്രവൃത്തി 0.20% കുറഞ്ഞനിരക്കിൽ ടെണ്ടർ സമർപ്പിച്ച കരാറുകാരന് തുക അനുവദിച്ചപ്പോൾ 0.20% അധിക നിരക്കിൽ അനുവദിച്ചത് കാരണം 968 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു.

| | അനുവദിച്ചത് | അനുവദിക്കാവുന്നത് |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 215951 | 215951 |
| (-) ടെണ്ടർ കുറവ് | 432 | 432 |
| | 216383 | 215519 |
| (+) CGST 6% | 12983 | 12931 |
| (+)SGST 6% | 12983 | 12931 |
| | 242349 | 241381 |
| അധികം നൽകിയത് (242349-241381) | | 968 |

968 രൂപ അധികം നൽകിയതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 22/17-06-2022) അധികം നൽകിയ തുക കരാറുകരനിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2020-21 | 13-6-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.7/915/2022<br>തീയതി: 26.07.2022 |

### 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | | 34000 | 34000 | 9/21 വനിതാ ഗ്രൂപ്പ് പച്ചക്കറി വികസന പദ്ധതി | 34000 | |
| | | 300000 | 300000 | 28/21 സാന്ത്വന പരിചരണം | 300000 | |
| | | 136841 | 136841 | 70/21 ഭവന പുനരുദ്ധാരണം | 136841 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | ( എസ് സി) | | |
| | 25,29,390 | 0 | 25,29,390 | 203/21 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി | 7,00,000 | 1829390 |
| | | 80000 | 80000 | 260/21 ലൈഫ് ഭവനപദ്ധതി (അഡീഷണൽ ലിസ്റ്റ്) | 80000 | |
| | | 17042 | 17042 | 73/21 ഭവന പുനരുദ്ധാരണം അഗതിരഹിത കേരളം | 17042 | |
| | | 125000 | 125000 | 19/21 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | |
| | | 446000 | 446000 | 225/21 പാലക്കണ്ടി റോഡ് ടാറിംഗ് | 446000 | |
| | | 512347 | 512347 | 234/21 നൃമാഹി പി എച്ച് സി വിപുലീകരണം | 512347 | |
| | | 100000 | 100000 | 1/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | |
| | | 45406 | 45406 | 2/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ | 45406 | |
| | | 20000 | 20000 | 89/21 വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ (വനിതാഗ്രൂപ്പ്) | 20000 | |
| | | 28520 | 28520 | 197/21 പാലിന് സബ്സിഡി നൽകൽ | 28520 | |
| ആകെ | 25,29,390 | 1845156 | 4374546 | | 25,45,156 | 1829390 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | | 37,816 | 37,816 | 157/21 സാന്ത്വന പരിചരണം | 37,816 | |
| | | 1,99,982 | 1,99,982 | 28/21സാന്ത്വന പരിചരണം | 1,99,982 | |
| | | 15,738 | 15,738 | 198/21 ബയോഫ്ലോക്ക് മത്സ്യകൃഷി | 15,738 | |
| ആകെ | | ₹2,53,536 | ₹2,53,536 | | ₹2,53,536 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം & തീയതി | മുൻകൂർ നൽകിയതുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | ചവോക്കുന്ന് അങ്കണവാടിക്ക് ഇലക്ട്രിക് കണക്ഷന് വേണ്ടി ഇലക്ട്രിക്പോൾ സ്ഥാപിക്കൽ-248/21 | 141/23-01-2021 (എ.സി.ആർ പ്രകാരം) | 40,267 | 40,267 | - |

| | | | | | |
|---|---|---|---|---|---|
| കെ ഡബ്ല്യ എ | ചവോക്കുന്ന് അങ്കണവാടിയിലേക്ക് കുടിവെള്ളപ്പൈപ്പ് ലൈൻ വലിക്കൽ -215/21 | 20220352012600984771 /23-03-2021 | 61,000 | - | 61,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018/ ത.സ്വ.ഭ.വ/ 18-5-2018 | 1540000 | 1378235 | 160902 | | 12,17,333 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 1887800 |
| തൻവർഷം നിക്ഷേപിച്ചത് | 1,54,919 |
| ആകെ | 20,42,719 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 20,42,719 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | തലശ്ശേരി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, ന്യൂമാഹി ബ്രാഞ്ച് FD നമ്പർ 005001077443/30-6-2020 | 30-6-2021 | 20,32,719 |
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഷെയർ നമ്പർ 189/8-10-2014 | - | 10000 |
| | ആകെ | | 20,42,719 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)o വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 31(എ) | 2002-03 | VII-13 | പൊതുമരാമത്ത് അപാകങ്ങൾ | വിവരം ലഭ്യമല്ല |
| 2014-15 | 2-5 | 2016-17 | 2 അനുബന്ധം-4 | തൊഴിൽ നികുതി | തുക ഒടുക്കിയിട്ടുണ്ട് |
| 2016-17 | 2-6 | 2017-18 | 1.13.9 | C R Z പരിധിയിലെ അനധികൃത കെട്ടിട നിർമ്മാണം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,65,80,279.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,19,15,026.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,022 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-19 | | 9054 | ശ്രീ.പത്മനാഭൻ.കെ .വി (സെക്രട്ടറി ) |
| 1-23 | | 968 | ശ്രീമതി.പ്രിയ.വി (അസിസ്റ്റന്റ് എഞ്ചിനീയർ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.പത്മനാഭൻ.കെ .വി (സെക്രട്ടറി ) | റിട്ടയർ ചെയ്തു | അനുനന്ദനം , കീഴത്തൂർ പാതിരിയാട് (പി ഒ) പിണറായി |

| | | |
|---|---|---|
| ശ്രീമതി.പ്രിയ.വി (അസിസ്റ്റന്റ് എഞ്ചിനീയർ) | അസിസ്റ്റന്റ് എഞ്ചിനീയർ, നടുമാഹി ഗ്രാമ പഞ്ചായത്ത് | പത്മം, കൊയ്യോട് (പി ഒ) കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 5 |
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 8 |
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 4 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 9 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 2 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 2 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 3 |
| 2010-11 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 1 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 2 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 7 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 9 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 12 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/201/2019 തീ. 24-3-2019 | 22 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/90/2020 തീ. 29-2-2020 | 25 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/305/2022 തീ. 05/05/2022 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## ധനകാര്യ പത്രികകൾ

| New Mahe Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| 450000000 | Cash and Bank balances | RP-40(a) | 21294975 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 544560 |
| 130000000 | Head -3 | RP-3 | 21,937 |
| 140000000 | Fees&User Charges | RP-4 | 385461 |
| 150000000 | Sale & Hire Charges | RP-5 | 34124 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 27901533 |
| 171000000 | Interest Earned | RP-9 | 495214 |
| 190000000 | Prior Period Income | RP-11 | 28,538 |
| 230000000 | Operations&Maintenance | RP-14 | 4312 |
| 254000000 | State Sponserd Schems | RP-19 | 75,000 |
| 311000000 | Earmarked Funds | RP-28 | 3346 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 2607146 |
| 431000000 | Sundry Debtors (Receivables) | RP-45 | 3957932 |
| | Non Operating | | |
| 180000000 | Other Income | RP-10 | 250 |
| 340000000 | Deposits Received | RP-33 | 156835 |
| 350000000 | Other Liabilities | RP-35 | 364091 |
| | Total | | 57875254 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-12 | 1241107 |
| 220000000 | Administrative Expenses | RP-13 | 800845 |
| 230000000 | Operations & Maintenance | RP-14 | 500335 |
| 240000000 | Interest & Finance Charges | RP-15 | 5 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 3899106 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 5910049 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 5513282 |
| 254000000 | State Sponsored Schemes | RP-19 | 75000 |
| 256000000 | Other Revenue Grants &Funds – Revenue Expenses | RP-20 | 86 |
| 290000000 | Prior Period Item | RP-25 | 156356 |
| 412000000 | Capital work in progress | RP-39 | 3017121 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 351087 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 9379995 |
| 460000000 | Loans, Advances and Deposits | RP-49 | 350540 |
| 470000000 | Other Asset | RP-50 | 52826 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 99,350 |
| 350000000 | Other Liabilities | RP-35 | 19109286 |
| | Closing Balance | | |
| 450000000 | Cash and Bank balances | RP-40(b) | 15960228 |
| | Grand Total | | 57875254 |

New Mahi Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3,589,342.00 |
| 120000000 | Assigned revenue and compensation | I-2 | 0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 717,077.00 |
| 140000000 | Fee & User Charges | I-4 | 622,336.00 |
| 150000000 | Sale & Hire Charges | I-5 | 34,124.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 83,846,158.00 |
| 170000000 | Income from Investments | I-7 | 154,919.00 |
| 171000000 | Interest Earned | I-8 | 495,214.00 |
| 180000000 | Other Income | I-9 | 250.00 |
| | Total Income | | 89,459,420.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 8,276,926.00 |
| 220000000 | Administrative Expenses | I-11 | 1,620,050.00 |
| 230000000 | Operations & Maintenance | I-12 | 1,130,105.0 |
| 240000000 | Interest & Finance Charges | I-13 | 2,870.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 1,814,796.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 12,168,925.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6,456,071.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 46,757,920.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 5,398,249.0.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.00 |
| 270000000 | Provisions and Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 3,187,093.00 |
| B | Total Expenditure | | 86,813,005.00 |
| C=A-B | Gross Surplus/ Deficit of income over Expenditure | | |
| 190000000 | Prior Period income | I-19 | 2,646,415.00 |
| 290000000 | Prior period expense | I-18 | 36,291.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items. | | 387,275.00 |
| 280000000 | Transfer to Reserve Funds | | -350,984.00 |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | 2,997,399.00 |

New Mahe GramaPanchayat

BALANCE SHEET As on 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| 310000000 | Panchayat (General) Fund | B-1 | 22049440 |
| 311000000 | Earmarked Funds | B-2 | 86178 |
| 312000000 | Reserves | B-3 | 24567620 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 1722123 |
| 330000000 | Secured Loans | B-5 | 1217333 |
| 331000000 | Unsecured Loans | B-6 | 0 |
| 340000000 | Deposits Received | B-7 | 705887 |
| 341000000 | Deposit works | B-8 | 0 |
| 350000000 | Other Liabilities | B-9 | 1492307 |
| 360000000 | Provisions | B-10 | 0 |
| | Total : | | 51840888 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 293606 |
| 412000000 | Capital Work-in-Progress | B-11(b) | 3017121 |
| 413000000 | Annual Plan - Capital Expences (Productive Sector) | B-11(c) | 0 |
| 414000000 | Annual Plan - Capital Expences (Service Sector) | B-11(d) | 8861505 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B-11(e) | 27232688 |
| 416000000 | Accumulated Depreciation | B-11(a) | -10619269 |
| 420000000 | Investment –General Fund | B-12 | 2042719 |
| 421000000 | Sundry Debtors | B-13 | 0 |
| 430000000 | Stock in Hand (Inventories) | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 4804652 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank Balance | B-17 | 15960228 |
| 460000000 | Loans, advances and deposits | B-18 | 247638 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0 |
| 470000000 | Other Assets | B-19 | 0 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0 |
| | Total : | | 51840888 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.